KOTTAYAM PUBLIC LIBRARY

Call No. M200.1 Acc. No. 11247

Author [illegible]

Title സൌന്ദര്യലഹരി

11241
901

# സൌന്ദര്യലഹരി

## ഭാഷ

എൻ. കുമാരൻ ആശാൻ

---

ശാരദാ ബുക്കഡിപ്പോ,

—:o:—

5–ാംപതിപ്പ് കോപ്പി 1000.

---

പകപ്പവകാശം

സഹോദരൻ പ്രസ്സ്, എറണാകുളം.

1953.

[വില 8 ണ.

NATIONAL BOOK STALL
SPCS
LTD.
KOTTAYAM

---

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# മുഖവുര

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

ആശാന്റെ പുതിയ പ്രസ്ഥാനത്തിലുള്ള കൃതികളാണല്ലോ ഇപ്പോൾ പ്രചാരത്തിൽ വന്നിട്ടുള്ളതു്. പുതിയ പ്രസ്ഥാനം തുടങ്ങുന്നതിനു മുമ്പും ആശാൻ സ്വതന്ത്രമായും തർജ്ജിമയായും വളരെ കൃതികൾ എഴുതിയിട്ടുണ്ടു്. അതുകൾ കിട്ടുവാൻ പൊതുവേ വായനക്കാൎക്കും പ്രത്യേകിച്ചു് ആശാന്റെ കവിത സമഗ്രമായി പഠിയ്ക്കുവാൻ ശ്രമിക്കുന്ന പണ്ഡിതന്മാൎക്കും ഇപ്പോൾ ആഗ്രഹം കാണും. അതുകൊണ്ടു് ആ കൃതികൾ പ്രസിദ്ധംചെയ്യുവാനായി മിക്കവാറും ശേഖരിച്ചുകഴിഞ്ഞിരിക്കുന്നു. അതുകളിൽ അച്ചടിച്ചവയും അല്ലാത്തവയും ഉണ്ടു്. അച്ചടിച്ചവയിൽ ഒന്നാണു് "സൌന്ദൎയ്യലഹരി" എന്ന ഈ തർജ്ജിമ കൃതി. ഇതിന്റെ ആദ്യപതിപ്പിന്റെ അവതരണികയും ടൈറ്റിൽപുറവും ഈ പതിപ്പിലും പകൎത്തുന്നു. അതു രണ്ടിൽനിന്നും പല സംഗതികളും ഗ്രഹിപ്പാനുണ്ടു്. ഈ കൃതി തർജ്ജിമചെയ്തതു് ഏകദേശം 32 കൊല്ലത്തിനപ്പുറം ആശാൻ സംസ്കൃതം പഠിയ്ക്കുവാൻ കല്ക്കത്തയ്ക്കു പോകുന്നതിനു മുമ്പേയാണു്. അതുകൊണ്ടു് ആശാന്റെ കവിതയുടെ വളൎച്ച പഠിക്കുന്നവൎക്കു് ഈ കൃതികൊണ്ടുള്ള പ്രയോജനം കുറച്ചൊന്നുമല്ല. അബ്രാഹ്മണൎക്കു വായിച്ചുകൂടാത്തതെന്നു വിചാരിച്ചുപോരുന്ന ഈ കൃതി ഇത്ര മുമ്പേ ആശാൻ തർജ്ജി

മചെയ്തു എന്നതോക്കുമ്പോൾ ഇതിനു സാമുദായികമായും വലിയ പ്രാധാന്യമുണ്ടു്. തജ്ജിമചെയ്ത കാലത്തു ചില കൊട്ടാരങ്ങളിലും മററം അത്ഭുതവും വ്യസനവും ജനിപ്പിക്കാതിരുന്നില്ലത്രേ. ഇങ്ങനെ പലവിധത്തിലും പ്രധാനമാണു് ഈ കൃതി.

മൂലകൃതികൂടി ഇതിൽ ചേക്കുന്നതു് വായനക്കാക്കു കൂടുതൽ രസകരവും പ്രയോജനകരവുമായിരിക്കുമെന്നു കരുതി അങ്ങിനെ ചെയ്യുന്നു.

ആദ്യപതിപ്പിൽ വന്നിട്ടുള്ള ചില അച്ചടിപ്പിഴകൾ തിരുത്തീട്ടുള്ളതല്ലാതെ മറെറാരു മാററവും ഇതിൽ ചെയ്തിട്ടില്ല.

തോന്നയ്ക്കൽ,
13_4_'104.

മിസ്സിസ്സ് കുമാരൻ ആശാൻ.
(കെ. ഭാനുമതിയമ്മ.)

# അവതരണിക

സൌന്ദൎയ്യലഹരി ലോകഗുരുവായ ശങ്കരാചാൎയ്യസ്വാമികളുടെ കൃതികളിൽവെച്ച് അശേഷം അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും, കൌളസിദ്ധാന്തികൾക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രികതാന്ത്രികങ്ങളായ വിഷയങ്ങളെ പ്രായേണ അന്തൎഗ്ഗഹിച്ചിട്ടാണെങ്കിലും കൎണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഗ്രഥിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാൎയ്യസ്വാമികളുടെ വേദാന്താദിവിഷയങ്ങളായ ഇതരഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷൽജ്ഞാനം ഉള്ള ഒരുവനും സൌന്ദൎയ്യലഹരിയിൽ പരിശേഷാൽ ഒരു പദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തവർപോലും ചിലപ്പോൾ അതിൻെറ പദാനുപൂൎവ്വിയുടെ അതിമോഹനമായ പരിപാടിയാൽ ആകൃഷ്ടന്മാരോ എന്നു തോന്നുമാറ് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനം ചെയ്തു് ആനന്ദമഗ്നന്മാരായിരിക്കുന്നതും നാം കാണുന്നു. സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്രപ്രബന്ധങ്ങളിൽനിന്നും ഇതിന്നുള്ള ഗുണവിശേഷത്തിന്ന് ഇവ സ്ഥലനിദൎശനങ്ങളാകുന്നു.

ആത്ഥികമായും ശാബ്ദികമായും ഉള്ള മാധുയ്യങ്ങൾ അല്ലെങ്കിൽ സൌന്ദയ്യങ്ങൾ സൎവ്വത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിന്നു സ്വതസ്സിദ്ധമായ മനോഹരത്വംകൊണ്ടുതന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകത്താവിനാൽ "സൌന്ദയ്യലഹരി" എന്നു നാമകരണം ചെയ്യപ്പെട്ടു എങ്കിൽ അതു് എത്ര സമുചിതമായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിമ്മാണത്തിന്നു സാമാന്യം വാസനയും ശക്തിയും ഉള്ള ഒരുവന്നു് ഇതരഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവൎത്തിക്കുന്നതിന്നു കാരണാന്തരം ഉണ്ടായിരുന്നില്ല.

സൌന്ദയ്യലഹരി സമ്പൂൎണ്ണം ഭാഷാന്തരംചെയ്തു് അവസാനിച്ചിട്ടു് ഇപ്പോൾ സംവത്സരം നാലിൽ അധികമായിരിക്കും. എന്നാൽ 73-ാമാണ്ടിടയ്ക്കു് ഇതു വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നുപോകയാലും എന്റെ ദേശാന്തരനിവാസംനിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണു് സാധിച്ചതു്.

KOTTAYAM PUBLIC LIBRARY, KOTTAYAM.

മൂലത്തിലെ ഗഹനങ്ങളും വിശാലങ്ങളും ആയ അൎത്ഥങ്ങളെ സമുചിതമായ സന്ദർഭഭംഗിയോടുകൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണമാത്രത്തിൽ അൎത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയവിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണു്. അപൂൎവ്വം ചില സാങ്കേതികപദങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടിവന്നിട്ടുള്ളതു് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകുന്നു. ഇതു പണ്ഡിതന്മാരോടു പൂൎവ്വനിവേദനം ചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചതു അസന്ദർഭോചിതമായിരിക്കുമെന്നുതോന്നുന്നില്ല.

'ദക്ഷിണം' അല്ലെങ്കിൽ സമയിമതത്തെ അവലംബിക്കുന്ന കേരളകൌളന്മാൎക്കും സാധാരണന്മാൎക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രംചെയ്യുന്നതിൽ ഈ "ഭാഷാസൌന്ദൎയ്യലഹരി" അത്യല്പമായിട്ടെങ്കിലും ഉപയുക്തയാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിന്നു് ഇതിന്റെ തൎജ്ജിമ സമാപിച്ച കാലത്തു തന്നെ ഞാൻ എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃതപദ്യത്തെ താഴെ ചേൎത്തുംകൊണ്ടു് ഈ അവതരണികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

## പദ്യം

വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ
ശങ്കരഗുരോ-
ർഗ്ഗഭീരാ ഗ്രന്ഥാർത്ഥൈർഭുവി ഗഗനഗം-
ഗേവ ജയതി
തദീയേയം ഭാഷാ മമ ഭവതു സൌ-
ന്ദര്യലഹരീ
യഥാ ദൈവീ മൂർത്തിഃ പരിണമതി മൃ-
ത്സ്നാ പ്രതികൃതിഃ

അരുവിപ്പുറം,
76 ഇടവം 30.

എൻ. കെ. ആശാൻ.

THE KOTTAYAM PUBLIC L...
KOTTAYAM

# ശ്രീ

# സൌന്ദൎയ്യലഹരി

## ഭാഷ

മൂലം— ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹര വിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി. 1

ഭാഷ—ചൊല്ലേറും ശക്തിയോടൊത്തിഹ ശിവനഖിലം
ചെയ്യുവാൻ ശക്തനാകു-
ന്നല്ലെന്നാൽ ചെററനങ്ങുന്നതിനുമറികിലാ-
ദ്ദേവനാളല്ലയല്ലോ
മല്ലാക്ഷൻ ശംഭുമുമ്പാം മഹിതവിബുധരാൽ
മാന്യയാം നിന്നെവാഴ്ത്തി-
ച്ചൊല്ലാനും കുമ്പിടാനും ജനനി! പുനരിതാ-
ൎക്കാവു പുണ്യം പെറാഞ്ഞാൽ?

മൂ— തദീയാംസം പാംസും തവ ചരണപങ്കേരുഹഭവം
വിരിഞ്ചിഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം
വഹത്യേനം ശൌരിഃ കഥമപി സഹസ്രേണ ശിരസാം
ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം. 2

ഭാ— നിമ്പാദാംഭോരുഹത്തിന്നിളകിയ നിതരാം
സൂക്ഷ്മമാം ധൂളിജാലം
സമ്പാദിച്ചിട്ടു ധാതാവഖിലഭുവനവും
ദേവി! സൃഷ്ടിച്ചിടുന്നു
അംഭോജാക്ഷൻ പണിപ്പെട്ടതിനെയഥ ശിര-
സ്സായിരം കൊണ്ടുമാളു-
ന്നമ്പിൽ ധൂളീകരിച്ചിട്ടമലഭസിതമാ-
യീശനും പൂശിടുന്നു.

മൂ— അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ
ജഡാനാം ചൈതന്യസ്തബക മകരന്ദസ്രുതിഝരീ
ദരിദ്രാണാം ചിന്താമണിഗുണനികാ ജന്മജലധൌ
നിമഗ്നാനാം ദംഷ്ട്രാ മുരരിപുവരാഹസ്യ ഭവതി. 3

ഭാ— ആദിത്യദ്വീപമല്ലോ ഭവതിയിരുളക-
ററാനവിദ്യാവശന്നും
ചൈതന്യപ്പൂംകുലയ്ക്കുള്ളൊഴുകിയ ചെറുതേൻ-
കേണിയല്ലോ ജഡന്നും
ഏതാനും സ്വത്തുമില്ലാത്തവന്നമരിയ ചിന്താ-
മണിശ്രേണിയല്ലോ
മാതാ ജന്മാബ്ധിയാഴ്ന്നവന്നമിഹ മഹാ-
ദംഷ്ട്രിതൻദംഷ്ട്രയല്ലോ.

മൂ— ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണ-
സ്ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ
ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാ സമധികം
ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൌ. 4

ഭാ— ആമോദം പൂണ്ടു കൈകൊണ്ടമരരഭയമോ-
ടൊത്തഭീഷ്ടം കൊടുക്കും
നീമാത്രം ദേവി!യെന്നാൽ നലമൊടവയെ ന-
ൽകുന്നതമ്മട്ടിലല്ലാ
ഭീ മാററിപ്പാലനം ചെയ്യതിന്നുമുടനഭീ-
ഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോൎക്കിൽ തവ കഴലിണയാ-
കുന്നു ലോകൈകനാഥേ!

മൂ— ഹരിസ്ത്വാമാരാധ്യ പ്രണതജനസൌഭാഗ്യജനനീം
പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയൽ
സ്മരോപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ
മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം. 5

ഭാ— പണ്ടംഭോജാക്ഷനാര്യേ! പ്രണതൎക്കു ബഹുസൌ-
ഭാഗ്യമേകുന്ന നിന്നെ-
ത്തെണ്ടി സ്ത്രീവേഷമാൎന്നാ ത്രിപുരഹരനുമു-
ണ്ടാക്കി പാരം വികാരം
തണ്ടാരമ്പൻ ഭജിച്ചും രതിയുടെ നയനം
നക്കുവാൻ തക്കമേനി-
തണ്ടാൎന്നുംകൊണ്ടു തത്തൻമുനികൾമനമിള-
ക്കാനുമൂക്കാൎന്നിടുന്നു.

മൂ— ധനുഃ പൌഷ്പം മൌൎവ്വീ മധുകരമയീ പഞ്ച വിശിഖാ
വസന്തഃ സാമന്തോ മലയമരുദായോധനരഥഃ
തഥാപ്യേകഃ സൎവ്വം ഹിമഗിരിസുതേ! കാമപി കൃപാ-
മപാങ്ഗാത്തേ ലബ്ധ്വാ ജഗദിദമനങ്ഗോ വിജയതേ. 6

ഭാ— ഒക്കെപ്പൂവാണുവില്ലും, ശരമതു വെറുമ-

ഞ്ചാണു, വണ്ടാണു ഞാണും

തെക്കൻകാററാണു തേരും സുരഭിസമയമൊ-

ന്നാണു കാണും സുഹൃത്തും

നില്ലൂട്ടേകാക്കിയാണെങ്കിലുമയി ഗിരിജേ

നിൻകടാക്ഷത്തിലേതോ

കയ്യോണ്ടുംകൊണ്ടനംഗൻ ഭുവനമഖിലവും

നിന്നുവെല്ലുന്നുവല്ലോ.

ശ്ലോ— കപണൽകാഞ്ചീദാമാ കരികലഭകുംഭസ്തനനതാ
പരിക്ഷീണാ മദ്ധ്യേ പരിണതശരച്ചന്ദ്രവദനാ
ധനുർബ്ബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ
പുരസ്താദാസ്താം നഃ പുരമഥിതുരാഹോപുരുഷികാ. 7

ഭാ— കാഞ്ചീനാദം പൊഴിഞ്ഞും കഠിനകുചഭരം

കൊണ്ടു മെല്ലെക്കുനിഞ്ഞും

ചഞ്ചന്മദ്ധ്യം മെലിഞ്ഞും ചതുരതരശര-

ച്ചന്ദ്രതുണ്ഡം കനിഞ്ഞും

പൂഞ്ചാപം പുഷ്പബാണം ഭുജമതിലഥ പാ-

ശാംകുശം പൂണ്ടുമമ്പാ-

ന്നേഞ്ചാരത്തായ് വരട്ടേ പുരരിപുഭഗവാൻ-

തന്റെ തന്റേടദംഭം.

ശ്ലോ— സുധാസിന്ധോർമ്മദ്ധ്യേ സുരവിടപിവാടീപരിവൃതേ
മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ
ശിവാകാരേ മഞ്ചേ പരമശിവപര്യ്യങ്കനിലയാം
ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം. 8

ഭാ— ആ പീയൂഷാൎണ്ണവത്തിൻ നടുവിലമരദാ–
രുക്കളെ ചൂഴുന്ന രത്ന–
ദ്വീപത്തിൽ പൂംകടമ്പിന്നിടയിലരിയ ചി–
ന്താശ്മവേശ്മോദരത്തിൽ
ശോഭിക്കും ശൈവമഞ്ചോപരി പരമശിവൻ–
തന്റെ പൎയ്യങ്കമേലും
ദീപാനന്ദോൎമ്മിയാകും ഭവതിയെ നിയതം
കുമ്പിടും പുണ്യവാന്മാർ.

മൂ— മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം
സ്ഥിതം സ്വാധിഷ്ഠാനേ ഹൃദി മരുതമാകാശമുപരി
മനോപി ഭ്രൂമദ്ധ്യേ സകലമപി ഭിത്വാ കുലപഥം
സഹസ്രാരേ പത്മേ സഹ രഹസി പത്യാ വിഹരസേ. 9

ഭാ— ഒന്നാമാധാരചക്രം നടുവിലവനിര–
ണ്ടാമതുള്ളഗ്നിതത്വം
മൂന്നാമത്തേതിലംഭസ്സതിനുപരിമരു–
ത്തപ്പുറത്തഭ്രമേവം
പിന്നെ ഭ്രൂമദ്ധ്യമേലും മനമൊടു കുലമാ–
ൎഗ്ഗങ്ങളെല്ലാം കടന്നാ–
ല്ലൊന്നാംഭോജാകരത്തിൽ ഭവതി പതിയൊടും
ഗൂഢമായ് ക്രീഡയല്ലീ.

മൂ— സുധാധാരാസാരൈശ്ചരണയുഗളാന്തൎവിഗളിതൈഃ
പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായ മഹസഃ
അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമദ്ധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണി 10

ഭാ— തൃപ്പാദത്തീന്നൊലിക്കുന്നമൃതലഹരികൊ-
ണ്ടൊക്കെ മുക്കി പ്രപഞ്ചം
പില്പാട്ടും ചന്ദ്രബിംബം പരിചിനൊട്ട വെടി-
ഞ്ഞിട്ടു കീഴോട്ടിറങ്ങി
അപ്പൂർവ്വസ്ഥാനമെത്തീട്ടവിടെയഹികണ-
ക്കൊട്ടു ചുററീട്ടു രന്ധ്രം
മേല്പോങ്ങും മൂലകുണ്ഡോപരി ഭവതിയുറ-
ങ്ങുന്നു തങ്ങുന്ന മോദാൽ.

മൂ— ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ പഞ്ചഭിരപി
പ്രഭിന്നാഭിഃ ശംഭോർന്നവഭിരപി മൂലപ്രകൃതിഭിഃ
ചതുശ്ചത്വാരിംശദ്വസുദലകലാശ്രത്രിവലയ-
ത്രിരേഖാഭിഃ സാദ്ധം തവ ശരണകോണാഃ പരിണതാഃ 11

ഭാ— ശ്രീകണ്ഠീയങ്ങൾ നാലും ശിവയുടെ പരി-
ഭിന്നങ്ങൾ ചക്രങ്ങളഞ്ചും
സാകം ബ്രഹ്മാണ്ഡമൂലപ്രകൃതിപദമിയ-
ന്നമ്പിട്ടൊന്നൊമ്പതോട്ടും
ആകെച്ചേർന്നെട്ടൊടീരെട്ടിതളിവയൊടെഴും
വൃത്തരേഖാത്രയംചേ-
ർന്നാകും നാല്പത്തിനാലാണരിയ വസതിയോ-
ടൊത്ത നിൻ ചിത്രകോണം.

മൂ— ത്വദീയം സൌന്ദര്യം തുഹിനഗിരികന്യേ തുലയിതും
കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ
യദാലോകൌത്സുക്യാദമരലലനാ യാന്തി മനസാ
തപോഭിർദ്ദുഷ്പ്രാപാമപി ഗിരിശസായുജ്യപദവീം. 12

ഭാ— ത്വത്സൌന്ദര്യാതിരേകം തുഹിനഗിരിസുതേ!
തുല്യമായൊന്നിനോതി-
സ്സൗന്ദര്യം ചമപ്പാൻ വിധിമുതൽ വിബുധ-
ന്മാരുമിന്നാരുമാകാ
ഔത്സുക്യത്താലതല്ലേയമരികളതു കാ-
ണ്മാനലഭ്യതപമോക്കാ-
തുത്സാഹിക്കുന്നു കേറുന്നതിനിഹ ശിവസാ-
യൂജ്യമാം പൂജ്യമാർഗ്ഗേ.

മൂ— നരം വർഷീയാംസം നയനവിരസം നർമ്മസു ജഡം
തവാപാങ്ഗാലോകേ പതിതമനുധാവന്തി ശതശഃ
ഗളദ്വേണീബന്ധാഃ കുചകലശവിസ്രസ്തസിചയാ
ഹഠാൽ ത്രുട്യൽകാഞ്ച്യോ വിഗളിതദുകൂലാ യുവതയഃ 13

ഭാ— ചന്തം കാഴ്ചയ്ക്കു വേണ്ടാ ചതുരത ചടുവാ-
ക്കോതുവാൻ വേണ്ട ചെറുമം
ചിന്തിച്ചാൽ നിൻകടാക്ഷം തടവിയ ജരഠൻ
തന്നെയും തന്വി കണ്ടാൽ
കുന്തൽകെട്ടൊട്ടഴിഞ്ഞും കുചകലശദുകൂ-
ലാഞ്ചലം വീണിഴഞ്ഞും
ബന്ധം കാഞ്ചിക്കഴിഞ്ഞും വിഗതവസനയാ-
യോടിയെത്തീടുമാര്യേ!

മൂ— ക്ഷിതൌ ഷട്പഞ്ചാശദ്ദ്വിസമധികപഞ്ചാശദുദകേ
ഹുതാശേ ദ്വാഷഷ്ടിശ്ചതുരധികപഞ്ചാശദനിലേ
ദിവി ദ്വിഃഷട്ത്രിംശന്മനസി ച ചതുഃഷഷ്ടിരിതി യേ
മയൂഖാസ്തേഷാമപ്യുപരി തവ പാദാംബുജയുഗം. 14

ഭാ— അമ്പത്താറാകുമച്ച്വിസ്സുവനിയിലുദകം-
തന്നിലമ്പത്തിരണ്ടാ-
-മംഭസ്സിൽ ശത്രുമിത്രങ്ങളിലൊരറുപതും
രണ്ടുമമ്പത്തിനാലും
തൻഭ്രൂമദ്ധ്യാംബരത്തിൽ തരമൊടെഴുപതും
രണ്ടുമുണ്ടൂന്നിനില്ലു-
നമ്പുന്നെട്ടെട്ടു ചേതസ്സിതിലുമതിനുമ-
ങ്ങപ്പുറം ത്വൽപദാബ്ജം.

മൂ— ശരജ്ജ്യോത്സ്നാശുദ്ധാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘടികാപുസ്തകകരാം
സകൃന്ന ത്വാ നത്വാ കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാഃ ഫണിതയഃ. 15

ഭാ— തേനേലും വെണ്ണിലാവിൽ ധവളതനുവൊടും
തിങ്കൾ ചൂടും കിരീടം
ധ്യാനിച്ചും തൃക്കരങ്ങൾക്കഭയ വരദവി-
ദ്യാക്ഷസൂത്രങ്ങളോർത്തും
നൂനം നിന്നെത്തൊഴാതെങ്ങിനെ കവിനിപുണ-
ന്മാർക്കുദിക്കുന്നു വാക്യം
തേനും പാലും നറുംമുന്തിരിയുടെ കനിയും
തോററ ചട്ടററ മട്ടിൽ.

മൂ— കവീന്ദ്രാണാം ചേതഃ കമലവനബാലാതപരുചിം
ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം
വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീ-
ഗഭീരാഭിർവ്വാഗ്ഭിർവ്വിദധതി സതാം രഞ്ജനമമീ. 16

ഭാ— കത്തും കാന്ത്യാ വിളങ്ങും കവിവരഹൃദയാം–
ഭോജബാലാതപംപോൽ
ചിത്തത്തിൽ ചേർത്തിടുന്നു ചിലരുമരുണയാം
നിന്നെയദ്ധന്യരെല്ലാം
മെത്തും വാഗ്ദേവിതന്നുജ്ജ്വലരസലഹരീ–
ചാരുഗംഭീരവാണീ–
നൃത്തത്തിൻ വൈഭവത്താൽ സഹൃദയഹൃദയാ–
ഹ്ലാദനം ചെയ്തിടുന്നു.

മൂ— സവിത്രീഭിർവാചാം ശശിമണിശിലാഭങ്ഗരുചിഭി–
ർവശിന്യാദ്യാഭിസ്ത്വാം സഹ ജനനി സഞ്ചിന്തയതി യഃ
സ കർത്താ കാവ്യാനാം ഭവതി മഹതാം ഭങ്ഗരുചിഭി–
ർവചോഭിർവാഗ്ദേവീവദനകമലാമോദമധുരൈഃ. 17

ഭാ— ചേതസ്സിൽ ചന്ദ്രകാന്തോപലദലവിശദ–
ശ്രീനിറഞ്ഞുള്ള ശബ്ദ–
വ്രാതത്തിൻ മാതൃഭാവം കലരുമൊരു വശി–
ന്യാദിയോടൊത്തു നിന്നെ
ബോധിച്ചീടുന്ന മർത്ത്യൻ ബഹുവിധരചനാ–
സ്വാദ്യമാം പദ്യജാലം
ചെയ്തീടും ചാരുവാണീവദനകമലസൌ–
രഭ്യസൌലഭ്യമോടും.

മൂ— തനുച്ഛായാഭിസ്തേ തരുണതരണിശ്രീസരണിഭി–
ർദ്ദിവം സർവ്വാമുർവ്വീമരുണമണിമഗ്നാം സ്മരതി യഃ
ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാഃ
സഹോർവ്വശ്യാ വശ്യാഃ കതി കതി ന ഗീർവ്വാണഗണികാഃ 18

ഭാ— ദേവി! ത്വദ്ദേഹകാന്തിപ്രചുരിമ ദിനനാ-
ഥന്റെ ബാലാതപംപോൽ
ദ്യോവും ഭൂവും നിറഞ്ഞുള്ളരുണനിറമൊട്ടും
ഭാവനം ചെയ്യുവന്നു്
ആവിർഭീത്യാ വലഞ്ഞോടിയ വനവരിമാൻ
പോലെ വല്ലാത്ത നാണം
താവും കമ്രാക്ഷിമാരുർവ്വശിമുതലെവരും
വശ്യരാം വേശ്യമാരും.

മൂ— മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ
ഹരാർദ്ധം ധ്യായേദ്യോ ഹരമഹിഷി തേ മന്മഥകലാം
സ സദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതിലഘു
ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം. 19

ഭാ— ബിന്ദുസ്ഥാനത്തിലാസ്യത്തെയുമഥ കുചയു-
ഗ്മത്തെയും നിന്നെയും നിൻ-
കന്ദർപ്പൻതന്റെ ധാമത്തെയുമടിയിൽ മഹാ-
ദേവി! ഭാവിക്കുമെന്നാൽ
അന്നേരത്തുൽഭ്രമിക്കുന്നബലകളതു നി-
സ്സാരമാദിത്യചന്ദ്ര-
ദ്വന്ദ്വം വക്ഷോജമാകും ജഗതി മുഴുവനും
സാംപ്രതം സംഭ്രമിക്കും.

മൂ— കിരന്തീമങ്ഗേഭ്യഃ കിരണനികുരുംബാമൃതരസം
ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂർത്തിമിവ യഃ
സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ
ജ്വരപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ. 20

ഭാ— കായത്തിൻ കാന്തിസന്താനകരസമൊഴുകി
ച്ഛായുമച്ഛന്ദ്രകാന്ത–
സ്ഥായിശ്രീചേൻമട്ടിൽ ഭവതീയുടെ വപു–
സ്സുന്ദരാ ചിന്തചെയ്താൽ
പായിക്കാം സർപ്പദർപ്പം പെരിയ ഖഗപതി–
ക്കൊത്തുടൻ നേത്രനാഡീ–
പീയൂഷസ്രാവശക്ത്യാ ജ്വരിതപരിഭവം
നോക്കിയും സൌഖ്യമാക്കാം.

മൂ— തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം
നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം
മഹാപത്മാടവ്യാം മൃദിതമലമായേന മനസാ
മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം. 21

ഭാ— വിദ്യുത്തോടൊത്ത സൂക്ഷ്മാകൃതിയിൽ മിഹിരച–
ന്ദ്രാഗ്നിരൂപത്തിലെന്നും
വിദ്യോതിക്കും ഷഡാധാരവുമധിഗതമായ്
നിൻെറ തേജോവിശേഷം
ഉദ്യൽപത്മാകരത്തിന്നിടയിലതിനെയു–
ദ്ധൂതമായാമലന്മാർ
വിദ്വാന്മാർ കണ്ടു കൈക്കൊണ്ടിടുമൊരു പരമാ–
നന്ദനിഷ്യന്ദപൂരം.

മൂ— ഭവാനി ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാ–
മിതി സ്തോതും വാഞ്ഛൻ കഥയതി ഭവാനി ത്വമിതി യഃ
തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം. 22

ഭാ— ദാസൻ ഞാൻ ഗൌരി! നീ മാം പ്രതി കരുണകല-
ർന്നൊന്നു നോക്കെന്നുരയ്ക്കാ-
നാസംഗപ്പെട്ടൊരുമ്പെട്ടരമൊഴി മമ ഗൌ-
രീതിവാഞ്ഛും ക്ഷണത്തിൽ
നീ സായുജ്യം കൊടുക്കുന്നവനു ഹരിവിരി-
ഞ്ചാദിചൂഡാഞ്ചലത്തിൽ
ഭാസിക്കും രത്നദീപാവലി പദകമലാ-
രാധനം ചെയ്തിടുന്നു.

മൂ— ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ
ശരീരാർദ്ധം ശംഭോരപരമപി ശങ്കേ ഹൃതമഭൂത്
യദേതത്ത്വദ്രൂപം സകലമരുണാഭം ത്രിയയനം
കുചാഭ്യാമാനമ്രം കുടിലശശിചൂഡാലമകുടം. 23

ഭാ— ചെന്താർബാണാരിമെയ്യിൽ പകുതിയപഹരി-
ച്ചാദ്യമേയദ്യ പോരാ-
ഞ്ഞന്തർമ്മോദേന മറ്റേപ്പകുതിയുമഗജേ
നീ ഹരിച്ചെന്നു തോന്നും
എന്തെന്നാൽ നിൻശരീരം മുഴുവനരുണമായ്
കണ്ണു മൂന്നായി കൊങ്ക-
ല്പന്തിൻ ഭാരേണ കൂന്നും പനിമതിയൊടു ചൂ-
ടുന്ന കോടീരമാർന്നും.

മൂ— ജഗത് സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ
തിരസ്കുർവന്നേതത് സ്വമപി വപുരീശസ്തിരയതി
സദാപൂർവ്വഃ സർവ്വം തദിദമനുഗൃഹ്ണാതി ച ശിവ-
സ്തവാജ്ഞാമാലംബ്യ ക്ഷണചലിതയോർഭ്രൂലതികയോഃ 24

ഭാ— സ്രഷ്ടാ സൃഷ്ടിച്ചിടുന്നു ഹരിയതു പരിപാ-
ലിച്ചിടുന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥമറ-
യ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാപൂർവ്വകമുപരി ശിവൻ
സ്വീകരിക്കുന്നതും നിൻ
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ
സംജ്ഞയാമാജ്ഞയാലേ.

മൂ— ത്രയാണാം ദേവാനാം ത്രിഗുണജനിതാനാം തവ ശിവേ
ഭവേത് പൂജാ പൂജാ തവ ചരണയോർയാ വിരചിതാ
തഥാഹി ത്വത്പാദോദ്വഹനമണിപീഠസ്യ നികടേ
സ്ഥിതാ ഹ്യേതേ ശശ്വന്മുകുലിതകരോത്തംസമകുടാഃ. 25

ഭാ— ചിന്തിച്ചാൽ മൂർത്തി മൂന്നായ് ത്രിഗുണമതിലെഴും-
മൂന്നിനും നിൻെറ പാദ-
ച്ചെന്താരിൽ ചെയ്തുകൊള്ളും ചതുരതകലരും
പൂജയേ പൂജയാകൂ
എന്തെന്നാൽ നിൻെറ പാദാവഹനവിഹിതര-
ത്നാസനാസന്നദേശ-
ത്തന്തം കൂടാതെ ഹസ്താഞ്ജലി മുടിയിലണി-
ഞ്ഞമ്പുമീയുമ്പർകോന്മാർ.

മൂ— വിരിഞ്ചിഃ പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം
വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം
വിതന്ദ്രീ മാഹേന്ദ്രീ വിതതിരപി സംമീലിതദൃശാ
മഹാസംസാരേസ്മിൻവിഹരതി സതി ത്വൽപതിരസൌ. 26

ഭാ— ബ്രഹ്മാവും വേർപെടുന്നു വിധുവുമുപരമി-
ക്കുന്നു വൈവസ്വതനും
തൻമൂൎത്തിത്വം കെടുന്നു ധനദനുമുടനേ-
തന്നെ നാശം വരുന്നു
മേന്മേൽ നില്ക്കും മഹേന്ദ്രാവലിയുമഥ മിഴി-
ക്കുന്നു സംഹാരകാല-
ത്തമ്മട്ടും ക്രീഡയല്ലോ ഭഗവതി സതിയാം
നിൻെറ ഭൎത്താവിനോൎത്താൽ.

മൂ— ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ
ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതിവിധിഃ
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാൎപ്പണദൃശാ
സപൎയ്യാപൎയ്യായസ്തവ ഭവതു യന്മേ വിലസിതം. 27

ഭാ— സംസാരിക്കുന്നതെല്ലാം ജപമഖിലകര-
ന്യാസവും മുദ്രയേവം
സഞ്ചാരം ദക്ഷിണാവൎത്തനവുമശനപാ-
നങ്ങൾ ഹോമങ്ങളും മേ
സംവേശംതന്നെ സാഷ്ടാംഗവുമഖിലസുഖം
താനുമാത്മാൎപ്പണത്തിൻ
സംവിത്താൽ നിൻസപൎയ്യാവിധിയിൽ വരികഞാൻ
കാട്ടിടും ചേഷ്ടയെല്ലാം.

മൂ— സുധാമപ്യാസ്വാദ്യ പ്രതിഭയ ജരാമൃത്യുഹരിണീം
വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദഃ
കരാലം യത് ക്ഷ്വേളം കബലിതവതഃ കാലകലനാ
ന ശംഭോസ്തന്മൂലം തവ ജനനി താടങ്കമഹിമാ. 28

ഭാ— വാർദ്ധക്യം മൃത്യുവെന്നീ വലിയ ഭയമകറ്റുന്ന പീയൂഷപാനം
മെത്തും മോദേനചെയ്തും മൃതരിഹ വിധിമുമ്പായിട്ടും വിണ്ണവന്മാർ
അത്യുഗ്രക്ഷ്വേളഭുക്കാം തവ പതിയറിയുന്നില്ലഹോ കാലഭേദം
കത്തും നിൻ കാതിലോലയ്ക്കുടയ മഹിമയാകുന്നതിൻ മൂലമമ്മേ!

മൂ— കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ
കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരിമകുടം
പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം
ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തി ർവിജയതേ. 29

ഭാ— മാററു മല്ലാസനൻതൻ മുടി മധുമഥനൻതന്റെ കോടീരകോടിക്കേററു ഹേ! താൻതടഞ്ഞു സുരപതിമകുടത്തെപ്പുറത്തോട്ടു തള്ളൂ
മുററം കുമ്പിട്ടിട്ടുമ്പോളിവർ ഭവതിയെഴീക്കുമ്പോളീശൻ വരുമ്പോൾ
തെററെന്നേവം തുടങ്ങുന്നരികിൽ നിജഭടാലാപകോലാഹലങ്ങൾ.

മൂ— സ്വദേഹോൽഭൂതാഭിർഘൃണിഭിരണിമാദ്യാഭിരഭിതോ
നിഷേവ്യേ നിത്യേ ത്വാമഹമിതി സദാ ഭാവയതി യഃ
കിമാശ്ചര്യം തസ്യ ത്രിനയനസമൃദ്ധിം തൃണയതോ
മഹാസംവർത്താഗ്നിർവ്വിരചയതി നീരാജനവിധിം. 30

ഭാ— മെത്തും മെയ്യിന്നു പൊങ്ങുന്നണിമ മഹിമയി-
ത്യാദിയൊത്താഭ ചൂഴും
നിത്യേ! നിന്നെ നിരൂപിച്ചഹമിതി നിതരാ-
മേവർ ഭാവിച്ചിടുന്നൂ
തത്താദൃക്കാം ത്രിണേത്രന്നുടയ പടിമയും
ധിക്കരിക്കുന്നവൎക്കായ്
കത്തും കാലാഗ്നി നീരാജനമരുളുവതോ
പാൎക്കിലാശ്ചൎയ്യമാൎയ്യേ.

മൂ— ചതുഷ്ഷഷ്ട്യാ തന്ത്രൈഃ സകലമതിസന്ധായ ഭുവനം
സ്ഥിതസ്തത്തൽസിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ
പുനസ്ത്വന്നിൎബ്ബന്ധാദഖിലപുരുഷാൎത്ഥൈകഘടനാ
സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം. 31

ഭാ— ഓരോരോ സിദ്ധി നൽകുംപടിയൊരറുപത്തും
നാലുമുണ്ടാക്കി തന്ത്രം
പാരെല്ലാവും ചതിച്ചു പശുപതി ഖർമാ-
നന്ദമുൾക്കൊണ്ടിരിക്കേ
പാരം നിൎബ്ബന്ധമോതിപ്പുനരിഹ പുരുഷാ-
ൎത്ഥങ്ങൾ നാലും കൊടുപ്പാൻ
പോരുന്നിത്തന്ത്രമേവം ക്ഷിതിയിലവതരി-
പ്പിച്ചു നീ സ്വച്ഛമാൎയ്യേ.

മൂ— ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ
സ്മരോ ഹംസഃ ശക്രസ്തദനു ച പരാ മാരഹരയഃ
അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാ
ഭജന്തേ വൎണ്ണാസ്തേ തവ ജനനി നാമാവയവതാം. 32

ഭാ— പാരിൽ ക്ലപ്തം ശിവൻ ശക്തിയുമലർശരനും
ഭൂമിയും പിന്നെയക്കൻ
താരാധീശൻ സ്മരൻ ഹംസവുമഥ ഹരിയും
പിൻപരാ കാമനിന്ദ്രൻ
ഓരോഹ്രീങ്കാരമീ മൂന്നിനുമൊട്ടവിലുദി-
ക്കുമ്പൊഴീ വർണ്ണജാലം
നേരേ നിൻ നാമധേയത്തിനു ജനനി! പെട്ട-
ന്നംഗമായ് ഭംഗമെന്യേ.

മൂ— സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൌ തവ മനോ-
ർന്നിധായൈകേ നിത്യേ നിരവധിമഹാഭോഗരസികാഃ
ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ
ശിവാഗ്നൌ ജുഹ്വന്തഃ സുരഭിഘൃതധാരാഹുതിശതൈഃ 33

ഭാ— നിത്യേ! നിൻ മന്ത്രരത്നം മുടിയിലലർശരൻ
തന്നെയും നിന്നെയും ശ്രീ-
തത്ത്വത്തേയും നിനച്ചും സപദി ചില മഹാ-
ഭോഗയോഗോത്സുകന്മാർ
ചിത്തം ചേർക്കുന്നു ചിന്താമണിജപപടമേ-
ന്തിശ്ശിവാഗ്നിതന്നെ-
ക്കത്തിച്ചക്കാമധുക്കിൻ ഘൃതലഹരി ഹവി-
സ്സാക്കി ഹോമിച്ചിടുന്നു.

മൂ— ശരീരം ത്വം ശംഭോഃ ശശിമിഹിരവക്ഷോരുഹയുഗം
തവാത്മാനം മന്യേ ഭഗവതി നവാത്മാനമനഘം
അതഃ ശേഷഃ ശേഷീത്യയമുഭയസാധാരണതയാ
സ്ഥിതഃ സംബന്ധോ വാം സമരസപരാനന്ദപരയോഃ. 34

ഭാ— സോമാക്കലെന്ദ്വമാകും സ്തനയുഗളമെഴും
നീ ശിവൻതൻ ശരീരം
ശ്രീമാനാകും നവാത്മാവതുമിഹ ഭവദാ-
ത്മാവതാം ദേവിയോർത്താൽ
ഈമട്ടിൽ ശേഷശേഷിത്വവുമുരുപരമാ-
നന്ദസംസ്പൃഷ്ടസമ്പൽ-
ധാമത്വം പൂണ്ട നിങ്ങൾക്കിവിടെയുഭയസാ-
മാന്യസംബന്ധമത്രേ.

മൂ— മനസ്ത്വം വ്യോമ ത്വം മരുദസി മരുത്സാരഥിരസി
ത്വമാപസ്ത്വം ഭൂമിസ്ത്വയി പരിണതായാം നഹി പരം
ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ
ചിദാനന്ദാകാരം ശിവയുവതി ഭാവേന ബിഭൃഷേ. 35

ഭാ— നീയേ ചേതസ്സു നീയേ പാവനപദവി നീ-
യേ മരുത്തും മഹസ്സും
നീയാണംഭസ്സു നീയാണവനി വിവൃതയാം
നിന്നെ വിട്ടന്യമില്ലാ
നീയേ നിന്നെജ്ജഗത്തായ് ജനനി പരിണമി-
പ്പിക്കുവാൻ ചിൽസുഖാത്മാ-
വായും തീരുന്നു പാക്കിൽ പരമശിവനൊടും
പേരെഴും ദാരഭാവാൽ.

മൂ— തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം
പരം ശംഭും വന്ദേ പരിമിലിതപാർശ്വം പരചിതാ
യമാരാധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ
നിരാലോകേ$f$ലോകേ നിവസതി ഹി ഭാലോകഭുവനേ. 36

ഭാ— ഭ്രൂമദ്ധ്യത്തിങ്കലാബ് ഭാസ്കരഹിമകരകോ–
ടിപ്രഭാധാടിയോടും
ശ്രീമച്ഛിച്ഛക്തി ചേരും തനുവുടയശിവൻ–
തൻ പദം കുമ്പിടുന്നേൻ
സാമോദം ഹന്ത തത്സേവകനു സകല തേ–
ജസ്സിനും ഭാസ്സിനും മേൽ
സോമസ്തോമപ്രകാശം തവ ജനനി ലഭി–
ക്കുന്നു നിർല്ലോകലോകം.

മൂ— വിശുദ്ധൌ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം
ശിവം സേവേ ദേവീമപി ശിവസമാനവ്യവസിതാം
യയോഃ കാന്ത്യാ യാന്ത്യാഃശശികിരണസാരൂപ്യസരണേ
വിധൂതാന്തർദ്ധ്വാന്താ വിലസതി ചകോരീവ ജഗതി. 37

ഭാ— നമ്നീടുന്നേൻ നഭസ്സിന്നുദയനിലയമായ്
ശുദ്ധിയിൽ ശുദ്ധവെള്ള–
ക്കണ്ണാടിക്കാന്തികാളും ശിവനെയുമതുപോൽ
കേവലം ദേവിയേയും
എണ്ണുമ്പോഴിന്ദുരമ്യദ്യുതിയൊടെതിർപൊരും–
പോലെവർക്കുള്ള കാന്ത്യാ
ചണ്ഡാന്തർദ്ധ്വാന്തവും പോയ് ജഗതി സുഖമൊട–
മ്പുന്നു ചെമ്പോത്തുപോലെ.

മൂ— സമുന്മീലത് സംവിത് കമലമകരന്ദൈകരസികം
ഭജേഹംസദ്വന്ദ്വം കമപി മഹതാം മാനസചരം
യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതി–
ര്യദാദത്തേ ദോഷാദ് ഗുണമഖിലമദ്ഭിഃ പയ ഇവ 83

ഭാ— ചാലേ പൊങ്ങും ചിദംഭോരുഹമധ്യ നകരാൻ
ചാരു ചാതുര്യ്യഭാരം
കോലും സമ്മാസനത്തിൽ കടിയെഴുമരയ—
ന്നഭയം കുമ്പിടുന്നേൻ
ആലാപം കൊണ്ടതഷ്ടാദശകലകൾ പെറു—
ന്നാവാഹിക്കുന്ന ശേഷം
പാലും പാനീയവുംപോൽ പ്രകാലിഗുണഭാ—
വത്തെ ദോഷത്തിൽനിന്നും.

മൂ— തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം
ന മീഡേ സംവർത്തം ജനനി മഹതീം താം ച സമയാം
യദാലോകേ ലോകാൻ ദഹതി മഹതി ക്രോധകലിതേ
ദയാർദ്രാ യാ ദൃഷ്ടിഃ ശിശിരമുപചാരം രചയതി. 39

ഭാ— സ്വാധിഷ്ഠാനാഗ്നിതന്നിൽ സതതമഭിരമി—
ക്കുന്നസംവർത്തസംജ്ഞൻ
ഭൂതേശൻതന്നെയും തത്സമയമവളെയും—
മാതൃകേ! കൈതൊഴുന്നേൻ
ക്രോധത്തീ കത്തിയെത്തുന്നവനുടെ മിഴി ലോ—
കം ദഹിപ്പിച്ചിടുമ്പോൾ
ജാതപ്രേമാർദ്രദൃഷ്ട്യാ ജഗതിയവളു ചെ—
യ്യുന്നു ശീതോപചാരം.

മൂ— തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ
സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം
തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം
നിഷേവേ വർഷന്തം ഹരമിഹിരതപ്തം ത്രിഭുവനം. 40

ഭാ— ധാമം തേടുന്ന ശക്ത്യാ തിമിരഭരമകറ്റും തടില്ലേഖയോടും
ശ്രീമന്നാനാമണിശ്രേണികളണിതിരളു-
ന്നിന്ദ്രചാപാങ്കമോടും
ശ്യാമശ്യാമാഭയോടും ശിവരവിഹതമാം
വിഷ്ടപം തന്നിൽ വൃഷ്ടി-
സ്തോമം പെയ്യുന്ന ധാരാധരമതു മണിപൂ-
രത്തിൽ ഞാൻ വാഴ്ത്തിടുന്നേൻ.

മൂ— തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ
നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം
ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ
സനാഥാഭ്യാം ജജ്ഞേ ജനകജനനീ മജ്ജഗദിദം. 41

ഭാ— മൂലാധാരത്തിൽ മേവും ഭഗവതി സമയേ
കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാ-
ടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയരുളിടും
നിങ്ങൾ സൃഷ്ടിക്കയാലി-
ന്നീലോകങ്ങൾക്കശേഷം ജനകജനനിമാ-
രുണ്ടഹോ രണ്ടുപേരും.

മൂ— ഗതൈർമ്മാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം
കിരീടം തേ ഹൈമം ഹിമഗിരിസുതേ കീർത്തയതി യഃ
സ നീഡേ യച്ഛായാച്ഛുരണശബലം ചന്ദ്രശകലം
ധനുഃ ശൌനാസീരം കിമിതി ന നിബധ്നാതി ധിഷണാം. 42

ഭാ— കന്നിൻമാതേ! ഭവൽകുന്തളമതിൽ മിഹിര-
ശ്രേണിമാണിക്യമായ്സ്വ-
ച്ഛന്ദം ചേർത്തുള്ള ചാമീകരമകുടമെട്ട-
ത്തെണ്ണി വർണ്ണിച്ചിടുമ്പോൾ
ചന്ദ്രച്ഛേദത്തെയമ്മണ്ഡലകിരണമടി-
ച്ചാശു ചിത്രീഭവിച്ചി-
ട്ടിന്ദ്രൻതൻ ചാപമാണെന്നവനെഴുതുമതി-
പ്രായമന്യായമാമോ.

മൂ— ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ
യദീയം സൌരഭ്യം സഹജമുപലബ്ധും സുമനസോ
വസന്ത്യസ്മിൻ മന്യേ വലമഥനവാടീവിടപിനാം. 43

ഭാ— മുററും തിങ്ങിത്തഴച്ചമ്മിൻമിന്നുസമതാം
നിൻെറ നീലോല്പലപ്പൂ-
ങ്കററക്കാർ കുന്തലന്തസ്തിമിരഭരമക-
ററട്ടെ ഞങ്ങൾക്കു ഭദ്രേ!
ചുററും ചേരുന്നതിൽ പൂനിരകൾ സഹജമാം
തത്സുഗന്ധത്തെ നിത്യം
വററിപ്പോവാൻ വലദ്വേഷിയുടെ മലർവന-
ത്തീന്നു വന്നെന്നപോലെ.

മൂ— തനോതു ക്ഷേമം നസ്തവ വദനസൌന്ദര്യലഹരീ
പരീവാഹഃ സ്രോതഃസരണിരിവ സീമന്തസരണിഃ
വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-
ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണം 44

ഭാ— ക്ഷേമം നല്കട്ടെ ഞങ്ങൾക്കയി തവ മുഖസൌ-
ന്ദൎയ്യനിൎഝരവേണി-
ക്കോമൾസ്രോതഃപ്രണാളിക്കരുസമതപൈവം
നിൻെറ സീമന്തമാൎഗ്ഗം
കാമം തത്രത്യമാം കുങ്കുമനിരയരിയാം
കുന്തളക്രൂരിരുട്ടി-
ന്നാരാമത്തിൽ പെട്ടിരിക്കുന്നരുണകരകിശോ-
രങ്ങളാണെന്നു തോന്നും.

മൂ— ആരാലൈഃ സ്വാഭാവ്യാദലികലഭസശ്രീഭിരലകൈഃ
പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം
രേസ്മേരേ യസ്മിൻ ദശനരുചികിഞ്ജല്ക്കരുചിരേ
സുഗന്ധൌ മാദ്യന്തി സ്മരദഹനചക്ഷുൎമ്മധുലിഹഃ 45

ഭാ— കുട്ടിക്കാർവണ്ടിനൊക്കും കുടിലകുറുനിര-
ക്കൂട്ടമാളും തവാസ്യം
ചുട്ടററീടുന്ന ചെന്താമരയെയുപഹസി-
ക്കുന്നു സുസ്മേരമാൎയ്യേ
മുഷ്ടം സൌരഭ്യമുണ്ടാ മൃദുഹസിതരുചി-
ത്തൊങ്ങലുണ്ടുന്മദത്താൽ
മട്ടുവന്നുണ്ടു മാരാരിയുടെ മിഴികളാ-
ളാകും മിളിന്ദങ്ങൾ മൂന്നും.

മൂ— ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യ-
ദ്ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം
വിപൎയ്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ
സുധാലേപസ്യൂതിഃ പരിണമതി രാകാഹിമകരഃ. 46

ഭാ— കത്തും തേജോവിലാസത്തൊട്ടു തവ നിറക-
ക്കാന്തി കണ്ടാൽ കിരീടം
പ്രത്യാരോപിച്ച മറേറപ്പ്രകൃതി വിധുവതാ-
ണെന്നു തോന്നുന്നു ഗൌരി
വ്യത്യസ്തത്വേന വയ്ക്കപ്പെട്ടുമിത്തു സമമായ്
രണ്ടുമൊന്നിക്കുമെന്നാൽ
പുത്തൻ പൂവെണ്ണിലാവിൻ പുടിക പരിണമി-
ക്കുന്ന പൂർണ്ണേന്ദുവായും.

മൂ— ഭ്രുവൌ ഭുഗ്നേ കിഞ്ചിദ്ഭുവനഭയഭങ്ഗവ്യസനിനി
ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം
ധനുർമ്മന്യേ സവ്യേതരകരഗൃഹീതം രതിപതേഃ
പ്രകോഷ്ഠേ മുഷ്ടൌ ച സ്ഥഗയതി നിഗൂഢാന്തരമുമേ. 47

ഭാ— തെററെന്നാത്രാസമെല്ലാം ത്രിഭുവനമതിലും
നീക്കുവാൻ വ്യഗ്രയാം നിൻ-
ചെററുംകൂനാന്ന ചില്ലിക്കൊടികൾ ചട്ടലവ-
ണ്ടാത്ത കണ്ണാം ഗുണത്താൽ
കുററംകൂടാതിടത്തേക്കരമതിൽ മണിബ-
ന്ധത്തിനാൽ മുഷ്ടിയാലും
മററും മദ്ധ്യം മറച്ചാ മലർവിശിഖനെടു-
ക്കുന്ന വില്ലെന്നു തോന്നും.

മൂ— അഹഃ സൂതേ സവ്യം തവ നയനമർക്കാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീനായകതയാ
തൃതീയാ തേ ദൃഷ്ടിർദ്ദരദലിതഹേമാംബുജരുചിഃ
സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരീം. 48

ഭാ— അല്ലിത്താർബന്ധുവല്ലോ തവ ജനനി! വലം
കണ്ണുതിന്നാണഹസ്സും
ചൊല്ലേറും ചന്ദ്രനല്ലോ ചടുലമിഴി!യിടം—
കണ്ണുതിന്നാണു രാവും
ഫുല്ലത്വം പൂർണ്ണമാകാതൊരു ചെറുതുപുടം
വിട്ടചെന്താമരപ്പൂ
വെല്ലും ശ്രീയാർന്ന മൂന്നാംതിരുമിഴിയതിലാ—
ണന്തരാ സന്ധ്യതാനും.

മൂ— വിശാലാ കല്യാണീ സ്ഫുടരുചിരയോദ്ധ്യാകുവലയൈഃ
കൃപാധാരാ ധാരാ കിമപി മധുരാ ഭോഗവതികാ
അവന്തീ ദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ. 49

ഭാ— ചൊല്ലേറീടും വിശാലാ ചപലകുവലയ—
ത്താലയോദ്ധ്യാ നിനച്ചാൽ
കല്യാണീ കാൺകിലാ ഭോഗവതി മധുരക—
ല്ലോലകാരുണ്യധാരാ
കില്ലന്യേമാമവന്തീ ബഹുപുരവിജയാ
കേവലം വൈഭവത്താ—
ലെല്ലാ നീവൃത്തുകൾക്കുള്ള ഭിധയൊടുമിണ—
ങ്ങുന്നു നിൻദൃഷ്ടിയാർയ്യേ!

മൂ— കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകലഭൌ കർണ്ണയുഗലം
അമുഞ്ചന്തൌ ദൃഷ്ട്വാ തവ നവരസാസ്വാദതരലാ—
വസൂയാസംസർഗ്ഗാദലികനയനം കിഞ്ചിദരുണം 50

ഭാ— കൊണ്ടാടിക്കാവ്യമോത്തും കവികളുടെ വചോ–
വല്ലരീസാരഭാരം
തെണ്ടീട്ടും കാതിലെത്തിക്കടെമിഴിയിണയാം
രണ്ടു വണ്ടിൻകിടാങ്ങൾ
ഉണ്ടീടുന്നാൻമുഖപ്പെട്ടരുനവരസമെ–
ന്നുള്ളിലീഷ്പ്രാസുബന്ധം–
കൊണ്ടാണല്ലീ! ചുവന്നൂ ജനനി! കൊതിയൊട്ടും
ചെററ നിൻനെററിനേത്രം.

## ഉത്തരഭാഗം

* കാതോളവും മിഴി കരുങ്കമലത്തിനുള്ള
ചേതോഹരപ്രഭകലന്നൊരു ചാരുമേനി
ശീതാംശുപൂണ്ട ചികുരാവലിയെന്നിതുള്ള
ഭൂതേശപത്നിയുടെ പാദയുഗം തൊഴുന്നേൻ.

മൂ— ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സനപരാ
സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ
ഹരാഹിഭ്യോ ഭീതാ സരസിരുഹസൌഭാഗ്യജനനീ
സഖീഷു സ്മേരാ തേ മയി ജനനി ദൃഷ്ടിഃ സകരുണാ. 51

ഭാ— ശൃംഗാരശ്രീവിലേപം ശിവനിതരജന-
ങ്ങൾക്കു ബീഭത്സകുത്സം
ഗംഗാദേവിക്കു രൌദ്രം ഗിരിശനടമിഴി-
ക്കത്ഭുതൈകാന്തകാന്തം
അംഗാരാക്ഷാഹികൾക്കാബ് ഭയയുതമരവി-
ന്ദത്തിനാവീരമാളി-
സംഘത്തിന്നംബ! ഹാസം രസമടിയനനിൻ
കണ്ണു കാരുണ്യപൂർണ്ണം.

---

* ഇതു് ഭാഷാന്തരകർത്താവിൻെറ സ്വന്തമാണെന്നു തോന്നുന്നു. മൂലം കാണുന്നില്ല.

മൂ— ഗതേ കൎണ്ണാഭ്യൎണ്ണം ഗരുത ഇവ പക്ഷ്മാണി ദധതി
പുരം ഭേത്തുശ്ചിത്തപ്രശമരസവദ്രാവിണഫലേ
ഇമേ നേത്രേ ഗോത്രാധരപതികുലോത്തംസകലികേ
തവാകൎണ്ണാകൃഷ്ടസ്മരശരവിലാസം കലയതഃ. 52

ഭാ— കൺണ്ണാന്തത്തോളമെത്തുന്നഴകിയ കഴുകൻ
തൂവലൊത്തക്ഷിരോമം
തിണ്ണം ചേരുന്ന സാക്ഷാൽ ത്രിപുരരിപുമന-
ക്കാമ്പിളക്കുന്നിതഗ്രാൽ
കൺണ്ണേവം നിൻെറതോക്കിൽ കുലഗിരികുലചൂ-
ഡാമണേ! കാമദേവൻ
കൺണ്ണത്തോളം വലിച്ചേററിയ കണകളതിൻ
കൌതുകം ചെയ്തിടുന്നു.

മൂ— വിഭക്തത്രൈവൎണ്ണ്യം വ്യതികരിതലീലാഞ്ജനതയാ
വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ
പുനഃ സ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ
രജഃ സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ. 53

ഭാ— ലീലാനീലാഞ്ജനത്താൽ നലമൊടുനിറഭേ-
ദങ്ങൾ മൂന്നും തെളിഞ്ഞി-
ട്ടാലോലം നിൻെറ നേത്രത്രയമഖിലലോ-
കൈകനാഥൈകനാഥേ!
കാലാഗ്നിപ്ലുഷ്ടരാകുന്നജഹരിഹരരേ-
പ്പിന്നെയും സൃഷ്ടിചെയ്‌വാൻ
നീ ലാളിക്കുന്ന സത്വപ്രഭൃതിനിജഗുണം
മൂന്നുമായ് തോന്നുമായ്‌വേ

മൂ— പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ
ദയാമിത്രൈർന്നേത്രൈരരുണധവലശ്യാമരുചിഭിഃ
നദഃ ശോണോ ഗങ്ഗാ തപനതനയേതി ധ്രുവമമും
ത്രയാണാം തീർത്ഥാനാമുപനയസി സംഭേദമനഘം. 54

ഭാ— ഇക്കണ്ടോരാത്മശുദ്ധിക്കിടയിലിഹ ചുവ-
പ്പുംവെളുപ്പും കറുപ്പും
കയ്ക്കൊണ്ടോരക്കണ്ണുമൂന്നും കനിവൊടുമിയലു
നീ ശിവായത്തചിത്തേ!
ചൊല്ക്കൊള്ളും ശോണമാകും നദമരിയ മഹാ-
ഗംഗ കാളിന്ദിയെന്നാ-
യിക്കാണും മൂന്നുതീർത്ഥത്തിനുമരുളുകയോ
സംഗമം മംഗളാഢ്യം.

മൂ— നിമേഷോന്മേഷാഭ്യാം പ്രലയമുദയം യാതി ജഗതി
തവേത്യാഹുഃ സന്തോ ധരണിധരരാജന്യതനയേ
ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രലയതഃ
പരിത്രാതും ശങ്കേ പരിഹൃതനിമേഷാസ്തവ ദൃശഃ 55

ഭാ— ഉന്മീലിപ്പും നിമീലപ്പെത്തുമുദയലയ-
ങ്ങൾക്കുഹേതുക്കളെന്നായ്
ചെമ്മേ ശൈലേന്ദ്രകന്യേ ജഗതി സപദി സ-
ത്തുക്കൾ ചൊല്ലുന്നുവല്ലോ
ഉന്മേഷത്തിന്നുദിക്കും ഭുവനമഖിലവും
ഘോരസംഹാരതാപം
തന്മേൽനിന്നുദ്ധരിപ്പാൻ തവ മിഴിയിമവെ-
ട്ടാത്തതാണോർത്തിടുമ്പോൾ.

മൂ— തവാപണ്ണേ കണ്ണേജപനയനപൈശുന്യചകിതാ
നിലീയന്തേ തോയേ നിയതമനിമേഷാഃ ശഫരികാ
ഇയം ച ശ്രീബദ്ധച്ഛദപുടകവാടം കുവലയം
ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി. 56

ഭാ— കർണ്ണത്തിൽപ്പുക്കു നിന്നോടിഹ കുരളകഥീ-
കുന്നു കണ്ണെന്നു നീരിൽ
കണ്ണും പൂട്ടാതൊളിക്കുന്നിതു ശരി കരിമീൻ-
പേടമാർ പേടിമൂലം
ചണ്ഡീ! നീലാബ്ജഗർഭച്ഛദമരരമട-
ച്ചാശു കാലത്തിറങ്ങി
ത്തിണ്ണെന്നെത്തുന്നു രാവിൽ തിരിയെയതു തുറ-
ന്നുള്ളിലാക്കുള്ളലക്ഷ്മി.

മൂ— ദൃശാ ദ്രാഘിയസ്യാ ദരദലിതനീലോല്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ!
അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ 57

ഭാ— ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
പൂണ്ടു നീണ്ടുള്ള കണ്ണാൽ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
തൂവണം ദേവദേവി
ഇല്ലല്ലോ ചേതമമ്മയ്ക്കിതിലടിയനുടൻ
ധന്യനായ്ത്തീരുമല്ലോ
തുല്യം തൂവുന്നു ചന്ദ്രൻ കരമടവിയിലും
മോടിയാം മേടമേലും.

ശ്ലോ— അരാലം തേ പാലീയുഗലമഗരാജന്യതനയേ
ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം
തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസ-
ന്നപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം. 58

ഭാ— ആവക്രം നിന്റെ പാളീയിണകളിവകളെ-
ന്നദ്രിരാജന്യകന്യേ
പൂവമ്പൻപൂണ്ടവില്ലിൻപുതുമയഭിനയി-
ക്കാത്തതാക്കോണരയ്ക്കിൽ
ഏവം തൽകണ്ണുമാരും വിരവിനൊടു കട-
ന്നീ വിലങ്ങത്തിലേറി-
പ്പോവും പീലിക്കടക്കൺമുനകൾ കണ തൊടു-
ക്കുന്നപോൽ തോന്നിടുന്നു.

ശ്ലോ— സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗലം
ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം
യമാരുഹ്യ ദ്രുഹ്യത്യവനിരഥമർക്കേന്ദുചരണം
മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ. 59

ഭാ— രണ്ടും ബിംബിച്ചു തങ്കക്കവിളുണ വിരവിൽ
തക്ക ചക്രങ്ങൾ നാലായ്-
ത്തണ്ടാരമ്പന്റെ തേരായ് തവ മുഖകമലം
തന്നെ ഞാനുന്നിടുന്നു
ചണ്ഡതപത്തോടിതേറിജ്ഝടിതി വിരുതിൽവെ-
ല്ലുന്ന ചന്ദ്രാർക്കചക്രം
പൂണ്ടീടും ഭൂരഥം പൂട്ടിയ പുരഹരനെ-
പ്പോരിൽ നേരിട്ടു മാരൻ

മൂ— സരസ്വത്യാഃ സൂക്തീരമൃതലഹരീകൌശലഹരീഃ
പിബന്ത്യാഃ ശർവ്വാണി ശ്രവണചുളകാഭ്യാമവിരലം
ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ
ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ. 60

ഭാ— പുത്തൻ പീയൂഷധാരയ്ക്കുടയ പടിമ ക-
യ്യേറ്റുണ്ടു വാഗ്ദേവിയോതും
ചിത്രശ്ലോകങ്ങൾ കാതാം കരപുടമതുകൊ-
ണ്ടേററ മുററം നുകൎന്നു
ചിത്താഹ്ലാദപ്രയോഗത്തിന്നു ഭവതി ശിരഃ-
കമ്പനം ചെയ്തിടുമ്പോൾ
പ്രത്യാമോദിക്കയല്ലീ ഝണഝണഝണിതം
ചണ്ഡി! നിൻകുണ്ഡലങ്ങൾ.

മൂ— അസൌ നാസാവംശസ്തുഹിനഗിരിവംശധ്വജപടി
ത്വദീയോ നേദീയഃ ഫലതു ഫലമസ്മാകമുചിതം
വഹത്യന്തർമ്മുക്താഃ ശിശിരകരനിശ്വാസഗലിതം
സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധരഃ 61

ഭാ— ചൊല്ലൊങ്ങുന്നെൻെറ ശൈലാധിപഭവനപതാ-
കേ! നമുക്കൊക്കയുംനി-
ന്നൂക്കായിടും മുളക്കാമ്പിതു മുഹുരിഹ ന-
ല്കൂട്ടെ വേണ്ടും വരങ്ങൾ
ഉൾക്കൊണ്ടീടുന്ന മുക്താമണികളധികമായ്
ശീതനിശ്വാസമേററ-
ന്മുക്തീഭൂതങ്ങളത്രേ വെളിയിലതു വഹി-
ക്കുന്ന മുക്താഫലങ്ങൾ.

ശ്ലോ— പ്രകൃത്യാരക്തതയാസ്തവ സുദതി ദന്തച്ഛദരുചേഃ
പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ
ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം
തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ. 62

ഭാ— ചോരച്ചെഞ്ചുണ്ടതിൽ തേ സുമുഖി സഹജമാ-
യുള്ള ശോഭയ്ക്കു തുല്യം
പോരും സാദൃശ്യമോതാം പവിഴലതികമേൽ
നല്ല പാകം ജനിക്കിൽ
പോരാ ബിംബം സമാനം പറവതിനതുബിം-
ബിച്ചു സിദ്ധിച്ചു കാന്ത്യാ
നേരിട്ടാൽ തെല്ലിനോട്ടം ത്രപവരുമധികം
ത്രാസമാം ത്രാസിലേറാൻ.

ശ്ലോ— സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം
ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ
അതസ്തേ ശീതാംശോരമൃതലഹരീ മാമ്ലരുചയഃ
പിബന്തി സ്വച്ഛന്ദം നിശി നിശിഭൃശം കാഞ്ജികധിയാ 63

ഭാ— മന്ദസ്മേരാഖ്യമാം നിൻമുഖവിധുവിനെഴും
വെണ്ണിലാവുണ്ടു ചുണ്ടും
മന്ദിച്ചേററം ചെടിച്ചു മധുരമധികമാ-
യിച്ചകോരത്തിനെല്ലാം
പിന്നെപ്പാരം പുളിപ്പിൽ പ്രിയമൊടിവ ശശാ-
ങ്കൻെറ പീയൂഷവർഷം
തന്നെസ്സേവിച്ചിടുന്നു നിശി നിശി നിയതം
മോടിയായ് കാടിപോലേ.

ശ്ലോ— അവിശ്രാന്തം പത്യുർഗ്ഗുണഗണകഥാമ്രേഡനജപാ
ജപാപുഷ്പച്ഛായാ തവ ജനനി ജിഹ്വാ ജയതി സാ
യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ
സരസ്വത്യാ മൂർത്തിഃ പരിണമതി മാണിക്യവപുഷാ. 64

ഭാ— പ്രാണപ്രേയാനെ നിത്യം പലവുരുവു പുക-
ഴ്ത്തുന്ന ജിഹ്വാഞ്ചലം തേ
ചേണൊക്കും ചെമ്പരത്തിക്കുസുമമൊടു സമം
ദേവി! ശോഭിച്ചിടുന്നു
വാണിക്കുള്ളോരു ശുഭ്രസ്ഫടികസദൃശമാ-
യുള്ള വെള്ളക്കുരീരം
മാണിക്യംപോലയാകുന്നവിടെ മരുവിടും
മൂലമക്കാലമെല്ലാം.

ശ്ലോ— രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭി-
ർന്നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമ്മാല്യവിമുഖൈഃ
വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപ്പൂരശകലാ
വിലീയന്തേ മാതസ്തവ വദനതാംബൂലകവലാഃ. 65

ഭാ— തോല്പിച്ചാ ദൈത്യയൂഥം സപദി പടകഴി-
ഞ്ഞാത്തലപ്പാവു പോക്കി-
ക്കുപ്പായത്തോടുമാരാൽ വരുമളവു കുമാ-
രേന്ദ്രനാരായണന്മാർ
ത്വത്ഭർത്തൃച്ഛിഷ്ടമോർക്കിൽ പ്രമഥനിധി വെറു-
ത്തും മുറുക്കന്നു വാങ്ങി-
ക്കർപ്പൂരച്ഛേദമോടും തവ കവിളിനക-
ത്തമ്പിടും തമ്പലങ്ങൾ.

മൂ— വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-
സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ
തദീയൈർമ്മാധുര്യൈരപലപിതതന്ത്രീകലരവാം
നിജാം വീണാം വാണീ നിചുളയതി ചോളേന നിഭൃതം. 66

ഭാ— ചെന്താർബാണാരിചിത്രസ്തുതികൾ പലതുമാ
വാണി വായിച്ചിടുമ്പോൾ
ചിന്തും മോദേന നീയും ചെറുതു തല കുലു-
ക്കീട്ടു ചൊല്ലാൻ തുടന്നാൽ
പൈന്തേനിൻവാണി! നിൻവാങ്മധുരിമയതിനാൽ-
സ്സുബ്ധമേറായ്കമൂലം
സ്വന്തം കൈവീണതന്നെക്കവിയണയിലെട്ടു-
ത്തിട്ടു കെട്ടുന്നു വേഗം.

മൂ— കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ
ഗിരീശേനോദസ്തം മുഹുരധരപാനാകുലതയാ
കരഗ്രാഹ്യം ശംഭോർമ്മുഖമുകുരവൃന്തം ഗിരിസുതേ
കഥംകാരംബ്രൂമസ്തവ ചിബുകമൌപമ്യരഹിതം. 67

ഭാ— ഉണ്ണിക്കാലത്തു കൈകൊണ്ടഗപതിയനുമോ-
ദിച്ചതായും സദാ മു-
ക്കണ്ണൻ മോഹാന്ധനായ് വന്നധരമതു കുടി-
പ്പാനുയർത്തുന്നതായും
വണ്ണിപ്പാൻ വസ്തു കിട്ടാത്തൊരു കരഗതമാം
വാമദേവൻെറ വക്ത്ര-
ക്കണ്ണാടിത്തണ്ടതാം നിൻചിബുകമടിയനി-
ന്നോക്കിലെന്തൊന്നുരയ്ക്കും.

ശ്ലോ— ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ
തവ ഗ്രീവാ ധത്തേ മുഖകമലനാലശ്രിയമിയം
സ്വതഃ ശ്വേതാ കാലാഗുരുബഹുലജംബാലമലിനാ
മൃണാളീലാലിത്യം വഹതി യദധോ ഹാരലതികാ. 68

ഭാ— കണ്ടീടാം ദേവി! നിത്യം ഹരകരപരിരംഭത്തി-
ലുദ്ധൃതമാം നിൻ-
കണ്ഠത്തിൽ കണ്ടകംപൂണ്ടൊരു മുഖകമല-
ത്തിൻെറ തണ്ടിൻെറ ലക്ഷ്മി
ഉണ്ടേവം കാരകിൽച്ചേറതുവഴിയധഃ കറു-
ത്തും സ്വതസ്സ്വാ വെളുത്തും
തണ്ടിൻതാഴത്തു തണ്ടാർവലയവടിവിലും
ചാരുവാം ഹാരവല്ലി.

ശ്ലോ— ഗളേ രേഖാസ്തിസ്രോ ഗതിഗമകഗീതൈകനിപുണേ
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ
വിരാജന്തേ നാനാവിധമധുരരാഗാകരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ. 69

ഭാ— പണ്ടാ വേളിക്കു ബന്ധിച്ചൊരു ചരടുകൾതൻ
ലഗ്നകംപോൽ കഴുത്തിൽ-
ക്കണ്ടീടും രേഖ മൂന്നും ഗതിഗമകമഹാ-
ഗീതചാതുര്യവാസേ!
കൊണ്ടാടും ശോഭതേടുന്നമിതമധുരമാം
രാഗരത്നാകരത്വം
തെണ്ടും ഗ്രാമത്രയത്തിൻ സ്ഥിതിയെ നിലനിറു-
ത്തുന്ന കാഷ്ഠാത്രയംപോൽ.

മൂ— മൃണാളീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം
ചതുർഭിഃ സൌന്ദര്യം സരസിജഭവഃ സ്തൌതി വദനൈഃ
നഖേഭ്യഃ സന്ത്രസ്യൻ പ്രഥമമഥനാദന്തകരിപോ-
ശ്ചതുർണ്ണാം ശീർഷാണാം സമമഭയഹസ്താർപ്പണധിയാ. 70

ഭാ— ലോലത്വം പൂണ്ട തണ്ടാർവലയമൃദുലമാം
നിൻെറ കൈ നാലുമേലും
ലാലിത്യം വാഴ്ത്തിടുന്നു നളിനനിലയനൻ
നാലുവക്ത്രങ്ങൾകൊണ്ടും
കാലപ്രധ്വംസിതൻ കൈനഖനിരയിലലം
പേടിയായ് ശിഷ്ടശീർഷം
നാലിന്നും ദേവിയൊന്നായഭയകരമുയ-
ർത്തീടുമെന്നുദ്ധബുദ്ധ്യാ.

മൂ— നഖാനാമുദ്യോതൈർന്നവനളിനരാഗം വിഹസതാം
കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ
കയാചിദ്വാ സാമ്യം ഭജതു കലയാഹന്ത കമലം
യദി ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസചണം. 71

ഭാ— പുത്തൻചെന്താമരപ്പൂനിറമരിയ നഖം-
കൊണ്ടു നിന്ദിച്ചിടും നിൻ-
കൈത്താരിൻ കാന്തി ഞാനെങ്ങിനെ പറയുമുമേ!
ഹന്ത നീതന്നെ ചൊല്ക
നൃത്തംചെയ്യും മഹാലക്ഷ്മിയുടെ കഴലിണ-
യ്ക്കേലുമാലക്തകംപൂ-
ണ്ടതൃത്ഥം നില്ക്കിലപ്പങ്കജമൊരു ലവലേ-
ശത്തിനോടൊത്തിടട്ടേ.

മൂ— സമം ദേവി സ്കന്ദദ്വിപവദനപീതം സ്തനയുഗം
തവേദം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം
യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകഃ
സ്വകുംഭൌ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി. 72

ഭാ— അമ്പൊത്തൊന്നിച്ചു ലംബോദരനുമനുജനും
വന്നു പാലുണ്ടിടും നിൻ
തുമ്പെപ്പോഴും നനഞ്ഞുള്ളൊരു കുചയുഗളം
തീർക്കുമെൻദുഃഖമെല്ലാം
മുമ്പിൽ കണ്ടായതിന്നും ദ്വിപവദനനുമേ!
ഹാസ്യമമ്മാറു മോഹാൽ
തുമ്പിക്കൈകൊണ്ടു തുണ്ണും ശിരസി തടവി നോ—
ക്കുന്നു തത് കുംഭയുഗ്മം.

മൂ— അമൂ തേ വക്ഷോജാവമൃതരസമാണിക്യകുതുപൌ
ന സന്ദേഹസ്പന്ദോ നഗപതിപതാകേ മനസി നഃ
പിബന്തൌ തൌ യസ്മാദവിദിതവധൂസങ്ഗരസികേ
കുമാരാവദ്യാപി ദ്വിരദവദനക്രൌഞ്ചദലനൌ. 73

ഭാ— മാണിക്യത്തോൽക്കുടംതാനമൃതഭരിതമാ—
കുന്നതാകുന്നു രണ്ടി—
ക്കാണും നിൻകൊങ്ക കുന്നിൻകൊടി!യടിയനിതി—
ന്നില്ല തെല്ലും വിവാദം
ചേണൊക്കുന്നായതുണ്ടിട്ടിഹ ഗണപതിയും
സ്കന്ദനും നാരിമാരെ
ക്കല്യാണിച്ചീടാതെയിന്നും തവ മുലകുടിമാ—
റാത്ത കൈത്തോകകങ്ങൾ.

മൂ— വഹന്ത്യംബ സ്തംബേരമദനുജകുംഭപ്രകൃതിഭിഃ
സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം
കുചാഭോഗോ ബിംബാധരരുചിഭിരന്തഃ ശബലിതാം
പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീർത്തിമിവ തേ. 74

ഭാ— ചണ്ഡതപം പൂണ്ട നാഗാസുരനുടെ കലകീ–
റീട്ടെടുത്തുള്ള മുത്തിൻ–
ഷണ്ഡത്തെക്കോർത്തു കൊങ്കത്തടമതിലണിയും
മുഗ്ദ്ധമുക്താരസം തേ
ചണ്ഡീ! ചെന്തൊണ്ടി തോല്ക്കുന്നധരരുചികളാൽ
ചിത്രമായാ പ്രതാപോ–
ദ്ദണ്ഡശ്രീയിൽ കലർന്നീടിന പുരരിപുവിൻ
മൂർത്തയാം കീർത്തിപോലെ.

മൂ— തവ സ്തന്യം മന്യേ ധരണിധരകന്യേ ഹൃദയതഃ
പയഃ പാരാവാരഃ പരിവഹതി സാരസ്വതമിവ
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്
കവീനാം പ്രൌഢാനാമജനി കമനീയഃ കവയിതാ. 75

ഭാ— പാലെന്നുള്ളൊരു കള്ളത്തൊടുമയി ജനനീ!
വൈഖരീശബ്ദജാല–
പ്പാലംഭോരാശിയല്ലോ തവ ഹൃദയമതി–
ന്നുൻ പായുന്നതോർത്താൽ
കോലും വാത്സല്യമോടും ദ്രവിഡശിശുവിനായ്
നീ കൊടുത്താസ്വദിച്ചാ
ബാലൻ സംവൃത്തനായാൻ പ്രഥിതകവികളിൽ
ദിവ്യനാം കാവ്യകർത്താ.

ശ്ലോ— ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ
ഗഭീരേ തേ നാഭീസരസി കൃതസങ്ഗോ മനസിജഃ
സമുത്തസ്ഥൌ തസ്മാദചലതനയെ ധൂമലതികാ
ജനസ്താം ജാനീതേ തവ ജനനി രോമാവലിരിതി. 76

ഭാ— ദേവൻതൻ ക്രോധമാകും ദഹനശിഖകളിൽ-
ദ്ദേഹമാഹന്ത വെന്താ-
പ്പൂവമ്പൻ വന്നു വീണാൻ ഝടിതി ഭവതിതൻ
നാഭിയാം വാപിതന്നിൽ
ആവിർഭ്ഭൂതമാം ധൂമമപ്പോൾ ചെറിയ പുക പുറ-
പ്പെട്ടു മേല്പോട്ടതിന്നും
ഭാവിച്ചീടുന്നു ലോകം ജനനി ഭവതിതൻ
രോമദാമാഭയെന്നും.

ശ്ലോ— യദേതത് കാളിന്ദീതനുതരതരങ്ഗാകൃതി ശിവേ
കൃശേ മധ്യേ കിഞ്ചിജ്ജനനി തവ യത് ഭാതി സുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം. 77

ഭാ— കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ചെറിയ ക-
ല്ലോലകം പോലെയേതാ-
ണ്ടുണ്ടല്ലോ നിൻെറ നാളോദരമതിലഗജേ
ബുദ്ധിമാന്മാർക്കതോർക്കിൽ
കുണ്ഠിച്ചേററം ഞെരുങ്ങും കുചഗിരികളിട-
യ്ക്കുള്ള സൂക്ഷ്മാന്തരിക്ഷം
തെണ്ടും ദിക്കററു നാഭീഗുഹയിൽ വരികയാ-
ണെന്നു തോന്നീടുമായ്യേ.

മൂ— സ്ഥിരോ ഗംഗാവൎത്തഃ സ്തനമുകുലരോമാവലിലതാ
കുലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ
രതേൎല്ലീലാഗാരം കിമപി തവ നാഭിൎഗ്ഗിരിസുതേ
ബിലദ്വാരം സിദ്ധേൎഗ്ഗിരിശനയനാനാം വിജയതേ. 78

ഭാ— മാറില്പ്പോകാത്ത മന്ദാകിനിയുടെ ചുഴിയോ
മൊട്ടുരണ്ടിട്ടു രോമ-
ത്താരൊക്കും തൈലതയ്ക്കുള്ളരിയൊരു തടമോ
താൎശരക്കൎന്നത്തീ
നീറീടും കുണ്ഡമോ നാഭികയിതു രതിതൻ
നിത്യമാം കൂത്തരങ്ങോ
ദ്വാരോ സിദ്ധിക്കു ഗൌരീഗിരിശമിഴികൾതൻ
വീക്ഷ്യമാം ലക്ഷ്യമെന്നോ.

മൂ— നിസൎഗ്ഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷോ
നമന്മൂൎത്തേൎന്നാരീതിലകശനകൈസ്ത്രുട്യത ഇവ
ചിരം തേ മദ്ധ്യസ്യ ത്രുടിതതടിനീതീരതരുണാ
സമാവസ്ഥാസ്ഥേമ്നാ ഭവതു കുശലം ശൈലതനയേ. 79

ഭാ— പണ്ടേ പാരം ക്ഷയിച്ചും പെരിയ കുചഭരം
കൊണ്ടു പിന്നെ ശ്രമിച്ചും
കണ്ടാലാനമ്രയാം നിൻകടിലതികയൊടി-
ഞ്ഞീടുമിന്നെന്നു തോന്നും
കുണ്ഠിക്കാർവേണിമൌലേ! നദിയുടെ കരനി-
ല്ക്കും മരത്തിൻെറ വേരിൻ
തണ്ടോളം സ്ഥൈൎയ്യമേയുള്ളതിനു ധരസുതേ
നന്മ മേന്മേൽ വരട്ടെ.

മൃ— കുചൌ സദ്യഃ സ്വിദ്യത്തടഘടിതകൂർപ്പാസഭിദുരൌ
കഷന്തൌ ദോർമ്മൂലേ കനകകലശാഭൌ കലയതാ
തവ ത്രാതും ഭങ്ഗാദലമിതി വലഗ്നം തനുഭുവാ
ത്രിധാ നദ്ധം ദേവി ത്രിവലിലവലീവല്ലിഭിരിവ. 80

ഭാ— അപ്പോഴപ്പോഴം വിയർത്തും വിരവിനൊടു വിജൃംഭിച്ചു കക്ഷം കവിഞ്ഞും
കൂപ്പായത്തിൽ കഴഞ്ഞുള്ളൊരു കവിളുമുറിക്കുന്ന കൊങ്കക്കുടങ്ങൾ
കല്പിച്ചിട്ടാശു കാമൻ ജനനി!യൊടിയുമെന്നോർത്തു നിൻമദ്ധ്യദേശം
കെല്പോടും മൂന്നുവട്ടം ലവലിലതകളാൽ കെട്ടിനാൻ തിട്ടമായേ്.

മൃ— ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവ്വതി നിജാ-
ന്നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ
അതസ്തേ വിസ്തീർണ്ണോ ഗുരുരയമശേഷാം വസുമതീം
നിതംബപ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച. 81

ഭാ— ഭാരം വിസ്താരമെന്നീവകയെ നിജനിതംബത്തിൽനിന്നദ്രിരാജൻ
വാരിത്തന്നായിരിക്കാം തവ ജനനി വധൂശുല്കമായുള്ളതെല്ലാം
നേരോക്കുമ്പോഴതല്ലേയതിവിപുലഭരം നിൻെറ നൈതംബബിംബം
പാരാകത്താൻ മറയ്ക്കുന്നതിനെ ലഘുവതായ് ചെയ്കയും ചെയ്തിടുന്നു.

മൂ— കരീന്ദ്രാണാം ശുണ്ഡാൻ കനകകദലീകാണ്ഡപടലീ-
മുഭാഭ്യാമൂരുഭ്യാമുഭയമപി നിർജ്ജിത്യ ഭവതി
സുവൃത്താഭ്യാം പത്യുഃ പ്രണതികഠിനാഭ്യാം ഗിരിസുതേ
വിധിജ്ഞേ ജാനുഭ്യാം വിബുധകരികുംഭദ്വയമസി. 82

ഭാ— തത്തൽകുംഭീന്ദ്രർത്തേട്ടം കരനിരകളത്തും
തങ്കവാഴത്തരത്തിൻ
പുത്തൻ കാണ്ഡങ്ങളും പോർത്തുടകളിവകളാൽ
നിന്നു നീ വെന്നു രണ്ടും
ഭർത്താവിൻ മുമ്പു കുമ്പിട്ടധികപരുഷമാം
വൃത്തജാനുദ്വയത്താൽ
കർത്തവ്യജ്ഞേ! ജയിക്കുന്നമരകരിവരൻ-
കുംഭവും ശൈലജായേ.

മൂ— പരാജേതും രുദ്രം ദ്വിഗുണശരഗർഭൌ ഗിരിസുതേ
നിഷങ്ഗൌ ജംഘേ തേ വിഷമവിശിഖോ ബാഢമകൃത
യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗളീ-
നഖാഗ്രച്ഛദ്മാനഃ സുരമകുടശാണൈകനിശിതാഃ 83

ഭാ— യുദ്ധേ തോല്പിച്ചിടേണം ശിവനെ നിയതമെ-
ന്നാശ്ശരശ്രേണിയിപ്പോൾ
പത്താക്കിപ്പഞ്ചബാണൻ ഭവതിയുടെകണ-
ങ്കാല്ല തൂണീരമാക്കി
പ്രത്യക്ഷിക്കുന്നിതിൻ കീഴ് നഖരകപടമായ്
പത്തുമസ്ത്രാഗ്രമായ്ക്കേ!
നിത്യം വാനോർകിരീടോപലനികഷമതിൽ
തേച്ചെഴും മൂർച്ചയോടും.

മൂ— ശ്രുതീനാം മൂർദ്ധാനോ ദധതി തവ യൗ ശേഖരതയാ
മമാപ്യേതൗ മാതഃ ശിരസി ദയയാ ധേഹി ചരണൗ
യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ
യയോർല്ലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ. 84

ഭാ— വേദങ്ങൾക്കുള്ള മൂർദ്ധാക്കളിൽ മുടികൾസമം
ചേരുമച്ചാരുവാം നിൻ
പാദദ്വന്ദ്വം കനിഞ്ഞെൻ ജനനി! മമ ശിരോ-
ദീക്കിലും വയ്ക്കണം നീ
യാതൊന്നിൽ പാദതീർത്ഥം ഹരനുടെ ജടയിൽ
തങ്ങിടും ഗംഗയല്ലോ
യാതൊന്നിൽ ലാക്ഷ സാക്ഷാൽ നൃഹരിമകുടമാ-
ണിക്യവിഖ്യാതിയല്ലോ.

മൂ— നമോവാകം ബ്രൂമോ നയനരമണീയായ പദയോ-
സ്തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ
അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ
പശൂനാമീശാനഃ പ്രമദവനകങ്കേളിതരവേ. 85

ഭാ— നാമിന്നോതാം നമസ്സിൻനിരകൾ നയനര-
മ്യാഭമായ് നല്ലരക്കിൽ
താവും താമ്രാഭിരാമദ്യുതിയധികമെഴും
നിന്നടിത്താരിനായ്യേ!
ഭാവിച്ചീടുന്നതിൻ താഡനരസമിവനെ-
ന്നെന്നുമന്തഃപുരപ്പൂം-
കാവിൽ കാണുന്ന കങ്കേളിയോടു പശുപതി-
ക്കെപ്പൊഴില്ലഭ്യസൂയ?

മൂ— മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം
ലലാടേ ഭർത്താരം ചരണകമലേ താഡയതി തേ
ചിരാദന്തഃ ശല്യം ദഹനകൃതമുന്മൂലിതവതാ
തുലാകോടിക്വാണൈഃ കിലികിലിത മീശാനരിപുണാ. 86

ഭാ— പേരല്പം മാറിയോതിപ്പുനരടിപണിവാൻ
വന്നുടൻ കള്ളലജ്ജാ-
ഭാരം കാണിച്ചു വീഴും പതിയുടെ നിടിലം-
തന്നിൽ നിൻധന്യപാദം
പാരം തല്ലുന്നനേരം ദഹനപരിഭവം
വീണ്ടതെങ്ങും ജയത്താൽ
ചേരും പാദാംഗദത്തിന്നൊലി കിലികിലിതം
ചെയ്തതാം ചൂതബാണൻ.

മൂ— ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൌ
നിശായാം നിദ്രാണാം നിശി ചരമഭാഗേ ച വിശദൌ
വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തൌ സമയിനാം
സരോജം ത്വത്പാദൌ ജനനി ജയതശ്ചിത്രമിഹ കിം. 87

ഭാ— മഞ്ഞിൽ പെട്ടെങ്കിൽ മങ്ങും മുഴുവനിരവിലും
നിന്നുറങ്ങും വിശേഷാൽ
കഞ്ജത്താരേകലക്ഷ്മീനിലയമിതു കഴൽ-
ത്താമരത്താരു രണ്ടും
മഞ്ഞേലും കുന്നിലാട്ടം പകലുമിരവിലും
ശോഭ തേട്ടം ഭജിച്ചാൽ
മഞ്ജുശ്രീ വേണ്ടതേകും പുനരിതിനു ജയം
ചിത്രമോ? ശൈലകന്യേ!

ശ്ലോ— പദം തേ കീർത്തീനാം പ്രപദമപദം ദേവി വിപദാം
കഥം നീതം സദ്ഭിഃ കഠിനകമഠീകർപ്പരതുലാം
കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ
യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ. 88

ഭാ— ചൊല്ലിന്നാസ്ഥാനമാം നിൻ ചരണമഴലിന-
സ്ഥാനമാമായതിന്നും
തുല്യം വല്ലാത്തൊരാമപ്പിടയുടെ മുതുകെ-
ന്നോതിയാൽ സാധുവാമോ?
മെല്ലെന്നാ വേളിനാളിൽ പദമലർ കരം
രണ്ടുകൊണ്ടും പിടിച്ചാ-
ക്കല്ലിന്മേൽ വച്ച കാലാരിയുടെ കടുമന-
സ്സിന്നു കരുണ്യമുണ്ടോ?

ശ്ലോ.— നഖൈർന്നാകസ്ത്രീണാം കരകമലസങ്കോചശശിഭി-
സ്തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി ചരണൗ
ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം
ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൌ. 89

ഭാ— വാനിൽ തങ്ങുന്ന വാർകേശികൾ കരകമലം
കൂമ്പുമാറമ്പിളിക്കൊ-
ത്തൂനം വിട്ടീ നഖംപൂണ്ടടികളുപഹസി-
ക്കുന്നതാം നന്ദനത്തെ
വാനോർമാത്രം വരിച്ചാൽ കരതളിരതിനാൽ
കല്പകം ഭിക്ഷുയേകും
ദീനന്മാർക്കേകിടും നിൻ പദതളിരനിശം
ഭവ്യമാം ദ്രവ്യമാശ്ശേ!

മൃ— ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീ-
മമന്ദം സൌന്ദര്യപ്രകരമകരന്ദം വികിരതി
തവാസ്മിൻ മന്ദാരസ്തബകസുഭഗേ യാതു ചരണേ
നിമജ്ജന്മജ്ജീവഃ കരണചരണഃ ഷട്ചരണതാം. 90

ഭാ— ഭാവം കണ്ടിട്ടു വേണ്ടും പദവി പരവശ-
ന്മാക്കു ചേക്കുന്നതായും
താവും സൌന്ദര്യസാരദ്യുതിയെ മധുവൊഴു-
ക്കായൊഴുക്കുന്നതായും
ദേവീ! ത്വത് പാദമെന്നുള്ളമരലതികതൻ
പൂംകുലയ്ക്കുള്ളിലിന്നെൻ-
ജീവൻ ജീവിക്കുമാറിന്ദ്രിയമൊട്ടു മറുകാൽ
പൂണ്ടു വണ്ടായ് വരട്ടെ.

മൃ— പദന്യാസക്രീഡാപരിചയമിവാരബ്ധുമനസഃ
സ്ഖലന്തസ്തേ ഖേലം ഭവനകലഹംസാ ന ജഹതി
അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-
ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ. 91

ഭാ— തെററില്ലാതായിട്ടുപോലും തവ നടയെ മുതി-
ർന്നഭ്യസിക്കുന്നപോൽ നിൻ
മുററത്തുള്ളോരു ഹംസപ്പിടകൾ വെടിയുമാ-
റില്ലഹോ തുല്യയാനം
തെററെന്തോതുന്നതോർത്താൽ തവ കഴൽമണിമ-
ഞ്ജീരമഞ്ജുസ്വരത്തിൽ
കററം കൂടാതവയ്ക്കാ ഗതിമുറയുപദേ-
ശിക്കയാം ശ്ലാഘ്യയാനേ!

മൂ— ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ
ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ
ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ
ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം. 92

ഭാ— സേവാസന്നദ്ധരാകും ദ്രുഹിണഹരിഹര–
ന്മാർ ഭവന്മഞ്ചമായാർ
മേൽവസ്ത്രം മൂടുകെന്നായതിനു ശിവനുമാ–
സ്വച്ഛകാന്തിച്ഛലത്താൽ
ദേവി! ത്വദ്ദേഹദിവ്യപ്രഭകളുടനതിൽ–
പ്പെട്ടു രക്താഭനായാ–
ദ്ദേവൻ ശൃംഗാരമൂർത്തിദ്യുതിസദൃശമഹോ
കണ്ണിനാനന്ദമായാൻ.

മൂ— അരാലാ കേശേഷു പ്രകൃതിസരലാ മന്ദഹസിതേ
ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ
ഭൃശം തന്വീ മദ്ധ്യേ പൃഥുരുരസിജാരോഹവിഷയേ
ജഗത്ത്രാതും ശംഭോർജ്ജയതി കരുണാ കാചിദരുണാ. 93

ഭാ— മല്ലിക്കാർകൂന്തൽതന്നിൽ കുടിലത മൃദുഹാ–
സത്തിലത്യാർജ്ജവം വൻ–
കല്ലിൻദാർഢ്യം കുചത്തിൽ കുസുമസഹജ–
സൌഭാഗ്യമന്തസ്ഥതത്തിൽ
സ്ഥൌല്യം ശ്രോണീഭരത്തിൽ സ്ഫുടതരമരയിൽ
സൌക്ഷ്മ്യമേവം ജഗത്തി–
ന്നെല്ലാമാലംബമാകും ശിവകരുണ ജയി
ക്കുന്നു ശോണാഭിരാമാ.

മൂ— കലങ്ക്കഃ കസ്തൂരീ രജനികരബിംബം ജലമയം
കലാഭിഃ കർപ്പൂരൈർമ്മരതകകരണ്ഡം നിബിഡിതം
അതസ്ത്വദ്ഭോഗേന പ്രതിദിനമിദം രിക്തകുഹരം
വിധിർഭൂയോ ഭൂയോ നിബിഡയതി നൂനം തവ കൃതേ. 94

ഭാ— അങ്കം കസ്തൂരിയാണങ്ങതിധവളകലാ-
രാശികർപ്പൂരമാണ്ണാ-
ത്തിങ്കൾബിംബം ജലാഢ്യം മരതകമരവി-
ത്തട്ടമാണിട്ടുവയ്പാൻ
ശങ്കിപ്പാനില്ലതിങ്കൽ ഭവതിയതുപയോ-
ഗിച്ചു പാത്രം വെടിഞ്ഞാൽ
സങ്കേതിക്കുന്നു വീണ്ടും വിധിയതിലഖിലം
ദേവി! നിൻ സേവനാർത്ഥം.

മൂ— പുരാരാതേരന്തഃപുരമസി തതസ്ത്വച്ചരണയോഃ
സപര്യാമര്യാദാ തരലകരണാനാമസുലഭാ
തഥാഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം
തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ. 95

ഭാ— അമ്പോടോക്കുമ്പൊഴാര്യേ! ഭഗവതി: പുരഭി-
ത്തിൻെറയന്തഃപ്പുരം നീ
നിൻപൂജാവൃത്തി പിന്നീയനിയതകരണ-
ന്മാക്കു സിദ്ധിക്കുമോവാൻ
ജംഭാരിപ്രഖ്യരാകും വലിയ വിബുധരും
തുല്യമില്ലാത്ത സിദ്ധ്യാ
സമ്പന്നന്മാരതായിട്ടണിമമുതലൊടും
ദ്വാരചാരത്തിലല്ലേ?

ശ്ലോ— കലത്രം വൈധാത്രം കതി കതി ഭജന്തേ ന കവയഃ
ശ്രീയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ
മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ
കുചാഭ്യാമാസങ്ഗഃ കുരവകതരോരപ്യസുലഭഃ. 96

ഭാ— ധാതാവിൻ പത്നിതന്നെക്കവികളനുഭവി-
ക്കാത്തതാരാണുരയ്ക്കിൽ
ശ്രീദേവിക്കും നിനച്ചാലിഹ പതിയെവനാ-
കില്ലരക്കാശിരിക്കിൽ
ഭൂതേശൻതന്നെ വിട്ടെൻഭഗവതി സതികൾ
ക്കുത്തമോത്തംസമേ നീ
ചൂതേലും കൊങ്കചേരാൻ കുരവകതരുവും
ഗോത്രജേ പാത്രമല്ലാ.

ശ്ലോ— ഗിരാമാഹുർദ്ദേവീംദ്രുഹിണ ഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പത്മാം ഹരസഹചരീമദ്രിതനയാം
തുരീയാ കാപി ത്വം ദുരധിഗമനിസ്സീമമഹിമാ
മഹാമായാ വിശ്വം ഭ്രമയതി പരബ്രഹ്മമഹിഷി. 97

ഭാ— പാലോലും വാണി പത്മാസനനു രമണിയാ-
ളപത്മനാഭനു പത്മാ
ഫാലാക്ഷൻ പത്നിയാൾ പാർവ്വതിയിതി പറയു-
ന്നുണ്ടഹോ പണ്ഡിതന്മാർ
നാലാമത്തേതിതേതാണ്ടവിദിതമഹിമാ
ഹാ മഹാമായ ഹാ നീ-
യ്യേലാവിശ്വം ഭ്രമിപ്പിപ്പവൾ ഭവതി പര-
ബ്രഹ്മപട്ടാഭിഷിക്ത.

മൂ— കദാ കാലേ മാതഃ കഥയ കലിതാലക്തകരസം
പിബേയം വിദ്യാൎത്ഥീ തവ ചരണനിൎണ്ണേജനജലം
പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ
കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം. 98

ഭാ— എപ്പോഴാണംബ, ലാക്ഷാരസകലിതമതാം
നിൻെറ പൊന്താമരപ്പൂം-
തൃപ്പാദക്ഷാളതീൎത്ഥോദകമതുൾകകുടി-
ക്കുന്ന വിദ്യാൎത്ഥിയായ് ഞാൻ
ഉൾപ്രത്യാ മൂകനും നിന്നരുകവിത പൊഴി-
പ്പിക്കുമത്തീൎത്ഥമെന്നു-
ന്നെപ്പോഴാണംബ വാണീവദനകമലതാം-
ബൂലലീലാരസത്വം.

മൂ— സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ
രതേഃ പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ
ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ
പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ. 99

ഭാ— ബ്രഹ്മാണിക്കും രമയ്ക്കും വിധിഹരിസമനായ്
തന്നെവാണുല്ലസിക്കും
രമ്യം സൌഭാഗ്യമാന്നാ രതിയുടയസതീ-
നിഷ്ഠയും ഭ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാ-
ശങ്ങളെല്ലാമറുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവി-
ക്കും ഭവത്ഭക്തനായേ്യ!

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 200-1 *Acc. No.* 11247

This book should be returned on or before the date last stamped below.

12 FEB 1985
11 MAR 1985
10 NOV 1988

M 800.1 11247

കുമാരനാശാൻ. എൻ

സൌന്ദര്യലഹരി.

KOTTAYAM PUBLIC LIBRARY

Call No. M200.1 Acc. No. 11247

Author ..... കുമാരനാശാൻ എൻ

Title ..... ചണ്ഡാലഭിക്ഷുകി

Indic Digital Archive Foundation

gpura.org